പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4711** **26.06.2019 ൽ മറുപടിയ്ക്ക്**

**കേരഗ്രാമം**

| ചോദ്യം<br>ശ്രീ. കെ.ഡി. പ്രസേനൻ | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന കേരഗ്രാമം പദ്ധതിയിൽ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | എ) ആലത്തൂർ മണ്ഡലത്തിൽ ആലത്തൂർ, എരിമയൂർ പഞ്ചായത്തുകളിൽ ഉൾപ്പെട്ട 250 ഹെക്ടർ സ്ഥലത്താണ് കേരഗ്രാമം പദ്ധതി 2018-19 വർഷം നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതിയ്ക്കായി ആകെ 48.904 ലക്ഷം രൂപ ചെലവാക്കുകയുണ്ടായി. നടപ്പിലാക്കിയ പദ്ധതി ഘടകങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1 . സംയോജിത വിള പരിപാലന മുറകൾ - 15 ലക്ഷം രൂപ<br>2 . കുമ്മായം,രാസജൈവവളങ്ങൾ,സസ്യസംരക്ഷണ മരുന്നുകൾ എന്നിവയുടെ ഉപയോഗം - 25 ലക്ഷം രൂപ<br>3 . ജലസേചന യൂണിറ്റുകൾക്കുള്ള ധനസഹായം - 4 ലക്ഷം രൂപ<br>4 . തെങ്ങുകയറ്റ യന്ത്രത്തിനുള്ള ധനസഹായം - 0.96 ലക്ഷം രൂപ<br>5 . ജൈവവള യൂണിറ്റിനുള്ള ധനസഹായം - 0.794 ലക്ഷം രൂപ<br>6 . രോഗകീട നിയന്ത്രണത്തിനുള്ള ധനസഹായം - 2 ലക്ഷം രൂപ<br>7 . പഞ്ചായത്ത് തല കേരസമിതികൾക്കുള്ള ധനസഹായം - 1 ലക്ഷം രൂപ<br>8 . കേര ഗ്രാമങ്ങൾക്കുള്ള പ്രവർത്തന ചെലവ് - 0.15 ലക്ഷം രൂപ |
| ബി) ഈ പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | ബി) കേരഗ്രാമങ്ങൾക്കുള്ള രണ്ടാം വർഷ ധനസഹായം 2019-20 വർഷം ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കാനായി 20.0085 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നടപ്പാക്കുന്ന പദ്ധതി ഘടകങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. തെങ്ങിൻ തോട്ടങ്ങൾക്കുള്ള സംയോജിത പരിപാലനം - 19.75 ലക്ഷം രൂപ<br>2 . പ്രവർത്തന ചെലവ് - .0585 ലക്ഷം രൂപ<br>3. പഞ്ചായത്ത് തല കേരസമിതികൾക്കുള്ള ധനസഹായം - 0.2 ലക്ഷം രൂപ |

Mayan P

**സെക്ഷൻ ഓഫീസർ**